# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2995 20.03.2015 - ൽ മറുപടിക്ക്

## ചാലക്കുടി എൻ. എച്ച്. 47 - ൽ ഫ്ളൈ ഓവർ നിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ബി. ഡി. ദേവസ്സി : | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതു മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) ചാലക്കുടി കോടതി ജംഗ്ഷനിൽ എൻ. എച്ച്. 47 - ൽ ഫ്ളൈ ഓവർ നിർമ്മിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ), (ബി), (സി) & (ഡി) | ചാലക്കുടി കോടതി ജംഗ്ഷനിൽ ഫ്ളൈ ഓവർ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ചാലക്കുടി മാർക്കറ്റ് റോഡിൽ നിർമ്മിക്കാനുദ്ദേശിച്ചിരുന്ന അണ്ടർ പാസ് സാങ്കേതിക കാരണങ്ങളാൽ കോടതി ജംഗ്ഷനിലേയ്ക്ക് മാറ്റി നിർമ്മിക്കുന്നതിന് ദേശീയപാത വികസന അതോറിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. കൺസഷണർ കമ്പനി ഇതുവരെ നിർമ്മാണം ഏറ്റെടുത്തിട്ടില്ല. NHAI കൺസഷണർ കമ്പനിയോട് പണി തുടങ്ങാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇത് ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ; | | |
| (സി) പ്രസ്തുത ഫ്ളൈ ഓവറിന്റെ നിർമ്മാണ ഉദ്ഘാടനം നടത്തി ഒരു വർഷം പിന്നിട്ടിട്ടും നിർമ്മാണം ആരംഭിയ്ക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | | |
| (ഡി) എങ്കിൽ പ്രസ്തുത ഫ്ളൈ ഓവറിന്റെ നിർമ്മാണം ആരംഭിയ്ക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ